**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല -കൂത്താളി ഗ്രാമപഞ്ചായത്ത്- 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 72776/-രൂപയ്ക്ക് ( എഴുപത്തി രണ്ടായിരത്തി എഴുനൂറ്റി എഴുപത്തിയാറു രൂപ മാത്രം), സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ. (സാധാ)നം. 98/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 19.1.2019**

---

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ എം3/20856/18 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.9.2018 ലെ ഡി .കെ.എസ്.എ. 655/പി.റ്റി.3/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതിയിൽപ്പെട്ട ദരിദ്രരായ വൃദ്ധർക്ക് കോഴിക്കോട് ജില്ലയിലെ കൂത്താളി ഗ്രാമപഞ്ചായത്തിലെ പൈതോത്ത് യുവധാര വായനശാലയിൽ വച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി മരുന്നുകൾ വിതരണം ചെയ്തതിനു ചെലവായ 72776/-രൂപ, 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തുകയുണ്ടായി. 70000 രൂപ മരുന്നിനും 2776 രൂപ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനുമാണ് ചെലവഴിച്ചത്.

2. സർക്കാർ ഉത്തരവ് (എം.എസ്.) 183/07/LSGD dated 24/07/2007 പ്രകാരം വികസനഫണ്ട് ഉപയോഗിച്ചുള്ള മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് വിദൂര പ്രദേശത്തുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട് എന്നതിനാലും ക്യാമ്പിൽ പങ്കെടുത്ത 242 പേരുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭിച്ചതിൽ മരുന്ന് വിതരണത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല എന്ന കാരണത്താലുമാണ് ഓഡിറ്റിൽ പ്രസ്തുത തുക തടസ്സപ്പെടുത്തിയത്.

3. എന്നാൽ 2012 വരെ ഗ്രാമപഞ്ചായത്തിൽ ആശുപത്രി ഇല്ലായിരുന്നുവെന്നും വിവിധ കോളനികളിലുള്ള പട്ടികവർഗ്ഗ വൃദ്ധജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന സ്ഥലം ആയതിനാലാണ് പ്രസ്തുത വായനശാലയിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തിയതെന്നും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കണമെന്ന ആവശ്യം ഗ്രാമസഭയിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്റ്റ് നടപ്പിലാക്കിയതെന്നും ഈ പ്രോജക്റ്റ് ഫലപ്രദവും ജനോപകാരപ്രദവും ആയിരുന്നു എന്നുമുള്ള വിവരങ്ങൾ പഞ്ചായത്ത് ഭരണസമിതിയും ജില്ലാ മോണിറ്ററിംഗ് കമ്മിറ്റിയും അംഗീകരിക്കുകയും ഈയിനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം

നൽകുന്നതിനായി പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4. കുത്താളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം എന്നിവ പരിഗണിച്ച് മെഡിക്കൽ ക്യാമ്പ് നടത്തി മരുന്നുകൾ വിതരണം ചെയ്തതിനു ചെലവായ 72776/-രൂപയ്ക്ക് സാധൂകരണം നൽകുന്നതിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ മാർഗ്ഗരേഖകൾക്കു വിരുദ്ധമായാണ് പദ്ധതി നിർവഹിച്ചതെങ്കിലും പട്ടികജാതിയിൽപ്പെട്ട വയോജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കിയ ഈ പ്രോജക്ടിന് ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുള്ളതിനാൽ ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ ,സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി മരുന്നുകൾ വിതരണം ചെയ്തതിനു കോഴിക്കോട് ജില്ലയിലെ കുത്താളി ഗ്രാമപഞ്ചായത്തിലെ 2009-2010 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 72776/-രൂപയ്ക്ക് ( എഴുപത്തി രണ്ടായിരത്തി എഴുനൂറ്റി എഴുപത്തിയാറു രൂപ മാത്രം), സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

സെക്രട്ടറി, കുത്താളി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**